# യഹോവ ദൈവമാകും

യഹോവ ദൈവമാകും ജാതി
ഭൂവിലേറ്റം ഭാഗ്യമുള്ളവർ

തണലായ് അരികെ അത്യുന്നതൻ
നിഴലായ് ഉള്ളതു സർവ്വശക്തൻ
മാലാഖമാരെന്നും കാവലുണ്ട്
ഉല്ലാസത്തിൻ ഘോഷം കൂടാരത്തിൽ

നദിപോൽ നിറയും സമാധാനം
കവിയും തോടുപോൽ മഹത്വങ്ങൾ
പെറ്റമ്മയെപ്പോൽ ആശ്വാസവും
നൽകീടുവാൻ അവൻ കൂടെയുണ്ട്

മഴപോൽ ചൊരിയും തൻ വചനം
മഞ്ഞുപോൽ പൊഴിയും തൻ കൃപകൾ
മലർവാടിയായ് മാറ്റും മരുഭൂമി
ഉദ്യാനമായ് മാറ്റും കൂടാരങ്ങൾ

ഒരുനാൾ തീർന്നിടും മരുവാസം
പലനാൾ കാംക്ഷിച്ച ഭാഗ്യദേശം
അവകാശമാക്കും തൻ മക്കൾ
മഹൽ ഭാഗ്യമോടെ വാഴും നിത്യം.

---------------------------------------------